സുസ്ഥിര നെൽകൃഷി വികസന പദ്ധതി

13 (*433) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സുസ്ഥിര നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ എത്ര ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് നടക്കുന്നുണ്ട് ; കൂടുതൽ സ്ഥലത്തേക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഇതിന്റെ ഭാഗമായി ഇടവിള കൃഷി ചെയ്യുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) സംസ്ഥാന നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സുസ്ഥിര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവന പദ്ധതി, തരിശുനില പദ്ധതി, നെൽകൃഷി വികസന ഏജൻസിക്ക് നൽകുന്ന സാമ്പത്തിക സഹായം, നെൽകൃഷി മേഖലയിൽ നെൽകൃഷി ചെയ്യാത്ത സീസണുകളിൽ മറ്റു വിളകളായ പയർ, പച്ചക്കറി, എള്ള്, പച്ചിലവളച്ചെടികൾ എന്നിവ കൃഷി ചെയ്യുന്നതിനും മത്സ്യകൃഷി അവലംബിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി എന്നിവയാണ് സുസ്ഥിര നെൽകൃഷി വികസന പദ്ധതയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. പദ്ധതി ഘടകങ്ങളുടെ വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

വിരിപ്പു മുണ്ടകൻ വിളക്കാലത്ത് തന്നെ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, തരിശുനില പദ്ധതി എന്നിവയുടെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ ഫണ്ട് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. (ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു).* സുസ്ഥിര നെൽകൃഷി വികസന പദ്ധതി ഘടകങ്ങളുടെ പുരോഗതി എല്ലാ മാസവും സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടർ സമഗ്രമായി അവലോകനം ചെയ്യുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഘടകവും, തരിശുനില പദ്ധതി ഘടകവും വിരിപ്പു മുണ്ടകൻ വിളക്കാലത്തു തന്നെ നടപ്പിലാക്കി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് എല്ലാ ജില്ലകളിലും കൈക്കൊണ്ടിരിക്കുന്നത്. ജില്ലകളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, ജില്ലാതല പാഡി സെൽ എന്നിവരുടെ ആഭിമുഖ്യത്തിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലെയും നെൽകൃഷി മേഖല കേന്ദ്രീകരിച്ച് 166667 ഹെക്ടറി ലാണ് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന നെൽകൃഷി വികസന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് ആനുപാതി കമായിട്ടാണ് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഘടകത്തിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നത്. നടപ്പുസാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ അനുവദിച്ച തുകയുടെ 86% ഗ്രൂപ്പ് ഫാമിഗ് പദ്ധതിക്കാണ് വകയിരുത്തി യിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം 1,43,000 ഹെക്ടറിൽ നടപ്പിലാക്കിയ ഈ പദ്ധതി ഘടകം നടപ്പുസാമ്പത്തിക വർഷം 166667 ഹെക്ടറിൽ നടപ്പിലാക്കിവരുന്നു.

(സി) നെൽകൃഷി ചെയ്യാത്ത സീസണുകളിൽ മറ്റു വിളകളായ പയർ, പച്ചക്കറി, എള്ള്, പച്ചിലവളച്ചെടി തുടങ്ങിയ വിളകൾ നെൽപ്പാടങ്ങളിൽ കൃഷി ചെയ്യുന്നതിനും മത്സ്യകൃഷി അവലംബിക്കുന്നതിനും മറ്റുമായി ഹെക്ട റിന് 2500 രൂപ ആനുകൂല്യമായി നൽകുന്നു. 50% സബ്സിഡി നിരക്കിൽ വിത്ത്, മറ്റ് ഉല്പാദന ഉപാധികൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനാണ് ആനുകൂല്യം നൽകിവരുന്നത്.

പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് നൂറു തൊഴിൽ ദിനങ്ങൾ

14 (*434) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് വർഷ ത്തിൽ നൂറുദിവസമെങ്കിലും തൊഴിലുറപ്പാക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ വർഷം ഏതെല്ലാം മേഖലകളിലാണ് പദ്ധതി നടപ്പാക്കു ന്നത് ;

(ഡി) ഇതിനായി സർക്കാർ പ്രത്യേകം സഹായം നൽകുമോ ;

(ഇ) കശുവണ്ടി മേഖലയിൽ കഴിഞ്ഞ വർഷം എത്ര തൊഴിൽ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ; ഈ വർഷത്തെ ലക്ഷ്യം എത്ര ദിവസമാണ് ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ&ബി) ധനകാര്യ വകുപ്പുമന്ത്രിയുടെ 2010-11-ലെ ബഡ്ജറ്റ് പ്രസംഗ ത്തിൽ തൊഴിലാളികൾക്ക് മിനിമം വരുമാനം ലഭ്യമാക്കുന്നതിന് സഹായി ക്കുന്ന തരത്തിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[19-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ 5(*425)-ന്റെ ഉത്തരം കാണുക]

കോർട്ടികോർപ്പിന്റെ നേതൃത്വത്തിലുള്ള 110 വിപണന കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

തിരുവനന്തപുരം	62
കൊല്ലം	15
കോട്ടയം	6
പത്തനംതിട്ട	2
ആലപ്പുഴ	4
എറണാകുളം	2
തൃശ്ശൂർ	1
കോഴിക്കോട്	5
മലപ്പുറം	2
കണ്ണൂർ	11
ആകെ	110

അനുബന്ധം II

[19-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 13 (*433)-ന്റെ ഉത്തരം കാണുക]

	പദ്ധതി ഘടകം	ഹെക്ടർ ഒന്നിന് നല്കുന്ന ആനുകൂല്യം (രൂപ)	ഭൗതിക ലക്ഷ്യം (ഹെക്ടർ)	സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷം)
	(1)	(2)	(3)	(4)
1	ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവനം	1500	16666/-	2500
2	തരിശുനില പദ്ധതി	5000	4000	200
3	നെൽകൃഷി മേഖലയിൽ അധികവിള ഉല്പാദനം	2500	2000	50

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
4 സംസ്ഥാനത്തെ പതിനൊന്ന് നെൽക്കൃഷി വികസന ഏജൻസികൾക്ക് ഏജൻസികളുടെ പ്രവർത്തന പരിധിയിൽ വരുന്ന നെൽക്കൃഷി മേഖലയിൽ സമഗ്ര വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം	....	....	150
		ആകെ	2900

അനുബന്ധം II (A)

[19-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 13 (*433)-ന്റെ ഉത്തരം കാണുക]

സുസ്ഥിര നെൽക്കൃഷി വികസന പദ്ധതി

19-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 13 (*433)-ന്റെ ഉത്തരം

ജില്ല	ഗ്രൂപ്പ് ഫാമിംഗ് പദ്ധതി				തരിശുനില പദ്ധതി		
	Virippu.	Mundakzn.	Puncha	Total	Voroppu.	Mundakzn	Total
(1)	(2)	(3)	(4)	(5)	(6)	(7)	(8)
Thiruvananthapuram	1000	500	---	1500	75	25	100
Kollam	1500	2500	---	4000	150	50 200	
Pathanamthitta	100	500	1900	2500	75	25	100
Alappuza	8000,	1000	26000	35000	150	50 200	
Kottayam	5000	2000	3000	10000	300	100	400
Idukki	500	500	...	1000	75	25	100
Ernakulam	3000	6000	...	9000	150	50	200
Thrissur	5000	15000	1000	21000	300	100	400
Palakkad	50000	13667	...	63667	300	100	400
Malappuram	3000	4500	...	7500	300	100	400

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)
Kozhikkodc	500	1500	...	2000	225	75	300
Wayanad	...	3500	...	3500	75 25	100	
Kannur	3000	1000	...	4000	750	250	1000
Kasargod	1000	000	...	2000	75	25	100
Total	81600	53167	31900	166667	3000	1000	4000

അനുബന്ധം II (B)

[19-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13 (*433)-ന്റെ ഉത്തരം കാണുക]

നെൽപ്പാടങ്ങളിൽ അധികവിള ഉത്പാദനം

ജില്ല	പ്രതികൂലക്ഷ്യം (ഹെ.)	സാമ്പത്തികലക്ഷ്യം (രൂപ ലക്ഷം)
തിരുവനന്തപുരം	150	3.75
കൊല്ലം	150	3.75
ആലപ്പുഴ	500	12.50
കോട്ടയം	100	2.50
തൃശ്ശൂർ	250	6.25
പാലക്കാട്	250	6.25
മലപ്പുറം	250	6.25
കോഴിക്കോട്	100	2.5
കണ്ണൂർ	200	5.0
കാസർഗോഡ്	50	1.25
ആകെ	2000	50

LIBRARY ARCHIVES Kerala Legislative Assembly